## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1048      10.06.2019 -ലെ മറുപടി

### <u>കുപ്പിവെള്ള ഫാക്ടറി</u>

<u>ചോദ്യം</u>
ശ്രീ.കെ.ദാസൻ

<u>മറുപടി</u>
ശ്രീ.കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

<table>
<tr><td>എ)</td><td>സംസ്ഥാന സർക്കാർ / പൊതുമേഖലയിൽ നിലവിൽ എത്ര കുപ്പിവെള്ള ഫാക്ടറി /ബോട്ട് ലിംഗ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്; ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;</td><td>എ)</td><td>ഒരെണ്ണം. പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പമെന്റ് കോർപ്പറേഷൻ (KIIDC)യുടെ കീഴിൽ തൊടുപുഴയിൽ 'ഹില്ലി അക്വ' എന്ന പേരിൽ കുപ്പിവെള്ള ഫാക്ടറി പ്രവർത്തിച്ചു വരുന്നു.</td></tr>
<tr><td>ബി)</td><td>കൂടുതൽ ജില്ലകളിലേക്ക് ഇത്തരം പ്ലാന്റുകൾ വ്യാപിപ്പിച്ച് ഈ മേഖലയിലെ ചൂഷണത്തിന് കടിഞ്ഞാണിട്ടുകൊണ്ട് കുറഞ്ഞവിലയ്ക്ക് കുപ്പിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;</td><td rowspan="2">ബി)<br>&<br>സി)</td><td rowspan="2">കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിൽ ഒരു കുപ്പിവെള്ള ഫാക്ടറിയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി ഫാക്ടറിയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന കാര്യം തീരുമാനിക്കാവുന്നതാണ്.</td></tr>
<tr><td>സി)</td><td>മലബാർ മേഖലയിൽ ജലലഭ്യത കൂടുതലുള്ള ഭാഗത്ത് ഇത്തരം പദ്ധതി ആരംഭിക്കുന്നതിനു ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ